(സി) പൊളിച്ചതായി ഫയലിൽ രേഖപ്പെടുത്തപ്പെട്ട കെട്ടിടങ്ങൾ പൊളിക്കാതിരുന്നതിന്റെ പിന്നിലുള്ള കാരണത്തെപ്പറ്റി അന്വേഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ 5 നഗരസഭാ കാര്യാലയങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ബ്യൂറോയുടെ സൂക്ഷ്മപരിശോധനയിലാണ്. സൂക്ഷ്മപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുമ്പോൾ മാത്രമേ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദവിവരം അറിയുവാൻ സാധിക്കുകയുള്ളൂ.

കെട്ടിടനികുതിയിൽ ഉണ്ടായ വ്യതിയാനം

122 (4557) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും കെട്ടിടങ്ങൾക്ക് വമ്പിച്ച നികുതി നിർദ്ദേശിക്കുകയും പിന്നീട് അത് വളരെയധികം കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഇത്തരം എത്ര സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത നടപടിമൂലം എന്ത് നഷ്ടം നഗരപാലികാ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുണ്ട് ;

(ഡി) എല്ലാ നഗരപാലികാ സ്ഥാപനങ്ങളിലും ഇപ്രകാരം സംഭവിച്ചിട്ടുണ്ടോ എന്നന്വേഷിക്കുമോ ?

ഉത്തരം

(എ) ഇത്തരം കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം നഗരസഭയിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ ക്രമക്കേട് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

123 (4558) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ നിലനിന്നിരുന്ന റിട്ട് അപ്പീൽ നമ്പർ 993/99 കേസിലെ 4-4-2002-ലെ ഉത്തരവ് പ്രകാരം ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly